**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3567** | **02-03-2023 - ൽ മറുപടിയ്ക്ക്**

**നുവാൽസിലെ താൽക്കാലിക വി.സി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നുവാൽസിൽ യു.ജി.സി. യോഗ്യതയില്ലാത്ത റിട്ടയേർഡ് ജസ്റ്റിസിന് വൈസ് ചാൻസലറുടെ താൽക്കാലിക ചുമതല നൽകി നിയമിച്ചത് സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വൈസ് ചാൻസലറുടെ താൽക്കാലിക ചുമതല നൽകുന്ന വ്യക്തിക്കും യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യത നിർബന്ധമാണെന്ന കോടതിവിധി ലംഘിച്ചുകൊണ്ട് ഇപ്രകാരമുള്ള നിയമനം നടക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | വൈസ് ചാൻസലറുടെ താൽക്കാലിക ചുമതല നൽകുന്ന വ്യക്തിക്കും യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യത നിർബന്ധമാണെന്ന ബഹു. ഹൈക്കോടതിയുടെ വിധി 17.02.2023 ന് റിട്ട് അപ്പീൽ നം. 1847/2022 തീർപ്പാക്കിയതോടെയാണ് നിലവിൽ വന്നത്. പ്രസ്തുത കോടതിവിധി സാങ്കേതിക സർവകലാശാലയെ സംബന്ധിച്ചുള്ളതാണ്.<br><br>ന്യുവാൽസ് നിയമം ഇതിൽ നിന്നും വ്യത്യസ്തമായ ഒരു സ്ഥിതിവിശേഷമാണ് വിവക്ഷിക്കുന്നത്. ന്യുവാൽസ് ആക്ടിലെ സെക്ഷൻ 27(13) പ്രകാരം ഒരു താൽക്കാലിക വർക്കിംഗ് അറേഞ്ച്മെന്റ് മാത്രമാണ് സർവകലാശാല എക്സിക്യൂട്ടീവ് കൗൺസിൽ നടപ്പിലാക്കിയത്. |
| (സി) | യു.ജി.സി. യോഗ്യതയുള്ള പ്രൊഫസറെ താൽക്കാലിക വി.സി. യായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വൈസ് ചാൻസലറുടെ താൽക്കാലിക നിയമനത്തിന് യു.ജി.സി.യോഗ്യത നിർബന്ധമാണെന്ന കോടതി വിധി സാങ്കേതിക സർവകലാശാലയ്ക്ക് ആണ് ബാധകമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ